# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 636 — 19.03.2013-ൽ മറുപടിക്ക്

## ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ;<br>പ്രൊഫ. സി. രവീന്ദ്രനാഥ്;<br>ശ്രീമതി. പി. അയിഷാ പോറ്റി;<br>ശ്രീ. ബാബു. എം. പാലിശ്ശേരി; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) ഫണ്ടിന്റെ ലഭ്യതയില്ലായ്മ കാരണം 31.03.2012-ന് മുമ്പ് എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിൽ സ.ഉ. (എം.എസ്) നം. 90/13/ത.സ്വ.ഭ.വ തീയതി 14.03.2013 പ്രകാരം ഇ.എം.എസ് ഭവന പദ്ധതിക്കായി 400 കോടി രൂപ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിക്കായി പണം കണ്ടെത്തുന്നതിനായി ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ ഹൗസിംഗ് ബോർഡിനോട് നിർദ്ദേശിച്ചിരുന്നോ; | (ബി) 07.12.2012-ലെ സ.ഉ (എം.എസ്) നം. 327/12/ത.സ്വ.ഭ.വ പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ ഹൗസിംഗ് ബോർഡ് ഡയറക്ടർ ബോർഡിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) ബോർഡിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാരിനെ അറിയിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കാലാവധി അവസാനിച്ചിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാകില്ല എങ്കിൽ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളിൽ നിന്നും തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | തദ്ദേശ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾക്കുള്ള ഈ വർഷത്തെ പദ്ധതി അടങ്കൽ പൂർണ്ണമായും വിനിയോഗിക്കാൻ സാധ്യമാകുന്ന നിലയിൽ കാലാവധി നീട്ടിക്കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ